# നിത്യവിശ്രമ കൂടാര പ്രതിഷ്ഠ

**കുരിശ്, മെഴുകുതിരി, ധൂപം**

**പാട്ട്** : **ക്രി. കീർത്തനം – 392**

1. യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിനായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശ തന്നോടെന്നുമെന്നിൽ വർദ്ധിച്ചീടുന്നേ
ആശു തന്റെ കൂടെ വാഴാൻ കാംഷിച്ചീടുന്നേ
(യേശുവോടു.........)

2. പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നേ തൻ കൂടെ വാഴാൻ എന്നു സാദ്ധ്യമോ?
(യേശുവോടു.........)

3. ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യ പാർപ്പിടം തന്നിൽ
വാണിടുന്ന നാളിനായ് ഞാൻ നോക്കി പാർക്കുന്നേ
(യേശുവോടു.........)

4. അന്നു തീരുമെന്റെ കഷ്ടം ഇന്നീ മണ്ണിലെ
അന്നു മാറുമെന്റെ ദുഃഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തു പാടി ആർക്കുമേ
എന്നെനിക്കു സാധ്യമോ മഹൽ സമ്മേളനം
(യേശുവോടു.........)

## മഹത്വീകരണം

മേൽപട്ടക്കാരൻ : പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി

ജനം : ആദിമുതൽ എന്നെന്നേക്കും തന്നെ ആമേൻ

ആകാശവും ഭൂമിയും തന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ – പരിശുദ്ധൻ – പരിശുദ്ധൻ – ഉന്നതങ്ങളിൽ സ്തുതി.

കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു – ഉന്നതങ്ങളിൽ സ്തുതി.

## കൌമ്മാ – ധൂപം

ദൈവമേ, നീ പരിശുദ്ധനാകുന്നു.

ബലവാനേ, നീ പരിശുദ്ധനാകുന്നു.

മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കു വേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണചെയ്യേണമേ

*(ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം)*

ഞങ്ങളുടെ കർത്താവേ; ഞങ്ങളോടു കരുണ ചെയ്യേണമേ.

ഞങ്ങളുടെ കർത്താവേ, കൃപ തോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യേണമേ.

ദൈവമേ, നിനക്കു സ്തുതി.

സ്രഷ്ടാവേ, നിനക്കു സ്തുതി.

പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി – ബാറെക്മാർ.

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ –**

നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ – നിന്റെ രാജ്യം വരണമേ – നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ – ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്ക് തരണമേ – ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ – ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ – ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ – ഞങ്ങളെ ദുഷ്ടനിൽ നിന്നു രക്ഷിച്ചു കൊള്ളണമേ – എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു – ആമ്മീൻ

## പ്രാരംഭ പ്രാർത്ഥന

വിലയേറിയ തന്റെ രക്തത്താൽ സ്വർഗ്ഗീയരേയും, ഭൗമീകരേയും തമ്മിൽ യോജിപ്പിക്കുകയും തന്റെ പുനരുത്ഥാനത്താൽ കബറിലെ നാശാവസ്ഥയെ നീക്കി മായിക്കുകയും അന്ധകാരത്തിലും മരണ നിഴലിലും ഇരുന്ന ഞങ്ങളെ വിടുവിച്ച് പുതു ജീവൻ നൽകി പുനരുത്ഥാനത്തിന്റെ ഒളി വിതറിയവനുമായ മ്ശിഹാ തമ്പുരാനേ, നിന്റെ പുനരുത്ഥാനത്തിന്റെ മാധുരരസത്താൽ ജഗത്തിന് നീ ആനന്ദം നൽകിയതുകൊണ്ട് നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്കും സ്തുതിയും സ്തോത്രവും യോഗ്യമായിരിക്കുന്നു. ഹോശോവബ്കുലസ് ബാൽല്ഒൽമ്മീൻ

ജനം : ആമ്മീൻ

## മസുമൂർ 16

ശുശ്രൂഷകൻ : ദൈവമേ ഞാൻ നിന്നെ ശരണം ആക്കിയിരിക്കുകയാൽ എന്നെ കാത്തുകൊള്ളേണമേ. ഞാൻ യഹോവയോട് പറഞ്ഞത് : നീ എന്റെ കർത്താവാകുന്നു. നീ ഒഴികെ എനിക്ക് ഒരു നന്മയും ഇല്ല. ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്ക് പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നെ. അന്യദൈവങ്ങളെ കൈക്കൊള്ളുന്നവരുടെ വേദനകൾ വർദ്ധിക്കും. അവരുടെ രക്തപാനീയ ബലികളെ ഞാൻ അർപ്പിക്കുകയില്ല. അവരുടെ നാമങ്ങളെ എന്റെ നാവിന്മേൽ എടുക്കുകയുമില്ല. എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്ക് യഹോവ ആകുന്നു. നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു. അളവു നൂൽ എനിക്ക് മനോഹര ദേശത്ത് വീണിരിക്കുന്നു. അതെ എനിക്ക് നല്ലൊരവകാശം ലഭിച്ചിരിക്കുന്നു.

എനിക്ക് ബുദ്ധി ഉപദേശിച്ചു തന്ന യഹോവയെ ഞാൻ വാഴ്ത്തും. രാത്രി കാലങ്ങളിലും എന്റെ അന്തരംഗം എന്നെ ഉപദേശിക്കുന്നു. ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു. അവൻ എന്റെ വലതു ഭാഗത്ത് ഉള്ളതുകൊണ്ട് ഞാൻ കുലുങ്ങി പോകയില്ല. അതുകൊണ്ട് എന്റെ ഹൃദയം സന്തോഷിച്ച് എന്റെ മനസ്സ് ആനന്ദിക്കുന്നു. എന്റെ ജഡവും നിർഭയമായി വസിക്കും. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കുകയുമില്ല. ജീവന്റെ വഴി നീ എനിക്ക് കാണിച്ചു തരും. നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും, നിന്റെ വലതു ഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്. ദൈവമേ സ്തുതി നിനക്കു യോഗ്യമായിരിക്കുന്നു. - ബാറെക്മോർ

മേൽപട്ടക്കാരൻ : പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി

ജനം : ആദിമുതൽ എന്നെന്നേക്കും തന്നെ ആമ്മീൻ

## എക്ബോ

പട്ടക്കാരൻ : സ്വർഗ്ഗ വാതിലുകൾ തുറക്കുന്ന പറുദീസായുടെ താക്കോലായ മ്ശിഹാ കർത്താവേ, നിന്റെ എഴുന്നള്ളത്തിന്റെ വലിയ നാളിൽ നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങൾക്ക് തുറന്നു തരേണമേ.

ശു : സ്തൌമൻകാലോസ്

ജനം : കുറിയേലായിസോൻ

## പ്രോമ്യോൻ – ധൂപം

മേൽപട്ടക്കാരൻ : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം

ജനം : അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കേണമേ.

മേൽപട്ടക്കാരൻ : സ്തുതിയും സ്തോത്രവും തേജസും പുകഴ്ച്ചയും മാഞ്ഞു പോകാത്ത നല്ല ബഹുമാനവും, കാലമൊക്കേയും നിരന്തരം കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ.

തന്റെ പുനരുദ്ധാനത്താൽ നിന്റെ സൃഷ്ടിയെ പുതുക്കുകയും ആദാമ്യവർഗ്ഗത്തിൻ മേൽ വാണിരുന്ന മരണത്തെ ഹനിക്കുകയും, ജഡത്തിൽ മരിച്ച്, മൃതരെ ജീവിപ്പിക്കുകയും, മഹത്വത്തിൽ ഉയർത്തെഴുന്നേറ്റ് ഞങ്ങളെ സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുകയും ചെയ്ത യേശു മ്ശിഹായ്ക്കു സ്തുതി. തനിക്ക് തന്റെ അടിയാരുടെ മണ്മയമായ കൂടാരം അദ്രവത്വത്തിനായി കാത്തു സൂക്ഷിക്കുന്ന ഈ വിശ്രമ കേന്ദ്രത്തിന്റെ പ്രതിഷ്ഠ നിർവ്വഹിക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും സ്തോത്രവും വന്ദനവും പുകഴ്ച്ചയും യോഗ്യമായിരിക്കുന്നു. ഹോശോ.....

## സെദറാ

തന്റെ പിതാവിന്റെ തിരുമാർവ്വിൽ നിന്നും വർണ്ണിക്കാവതല്ലാത്തവണ്ണം ഉദിച്ച്, പൂഴിയിൽ ഉറങ്ങിയിരുന്ന എല്ലാവർക്കും ഉയിരും ഉയിർപ്പും നൽകി അവരെ സ്വർഗ്ഗത്തിനവകാശികളാക്കിയ മ്ശിഹാ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം. നിന്റെ ശ്രേഷ്ഠ സ്വരൂപിയായിരുന്ന മണ്മയനായ ആദാമിനു വേണ്ടി നീ മനുഷ്യനായി, അനവരതം നിന്നെ സ്തുതിക്കുന്ന ഖെറൂബുകളുടെ സിംഹാസനം വിട്ട് മർത്യരുടെ കല്ലറകളിലേക്ക് നീ ഇറങ്ങി. മനുഷ്യ വർഗ്ഗത്തോടുള്ള നിന്റെ പ്രീതി മൂലം ഹീനവും നിന്ദ്യവുമായ കുരിശിനെ നീ സ്വയംവരിച്ചു. ഞങ്ങൾക്കുവേണ്ടിയുള്ള പീഢാനുഭവവും മരണവും ഞങ്ങൾക്ക് ജീവനും പുത്രത്വവും തിരികെ ലഭിക്കുന്നതിന് കാരണമായി. ഞങ്ങൾ മരിക്കാതിരിക്കുന്നതിന് ഞങ്ങൾക്കു വേണ്ടി മരിച്ചവനേ നിനക്കു സ്തുതി. സാധാരണ മനുഷ്യരെ പോലെ കല്ലറയിൽ നീ പ്രവേശിച്ചു. പാതാളത്തിന്റെയും മൃത്യുവിന്റെയും ഭണ്ഡാരത്തെ നീ കൊള്ള ചെയ്തു. അവിടെ മൂന്നു ദിവസം പാർത്തിട്ടു മഹത്വത്തോടെ ഉയിർത്ത് അരിഷ്ഠ പാതാള കുഴിയിൽകിടന്ന ഞങ്ങളുടെ വർഗ്ഗത്തെ നീ എഴുന്നേൽപ്പിച്ചു. തന്റെ ഉയിർപ്പിനാൽ സ്വർഗ്ഗീയരേയും ഭൗമീകരേയും നീ സന്തോഷിപ്പിച്ചു. ശ്ലീഹന്മാരെയും സ്ത്രീകളെയും നീ ആനന്ദിപ്പിച്ചു നാൽപ്പതു നാൾ അവരോടൊപ്പം കഴിഞ്ഞ് താൻ വാസ്തവമായി ഉയിർത്തിരിക്കുന്നു എന്ന് അവരെ ഉറപ്പിച്ചു. പുനരുദ്ധാനത്തിന് സാക്ഷ്യം വഹിപ്പാൻ ലോകത്തിന്റെ അറ്റത്തോളം അവരെ തന്റെ പരിശുദ്ധാത്മ ശക്തിയിൽ നിറച്ച് സാക്ഷികളാക്കി. ഞങ്ങളുടെ കർത്താവേ ജീവകരമായ നിന്റെ എഴുന്നള്ളത്തിൽ ഞങ്ങളോട് കരുണ ചെയ്യേണമേ. ശ്ലീഹന്മാരുടെ കൂട്ടത്തിനെന്നവണ്ണം ഞങ്ങളെ സന്തോഷിപ്പിക്കേണമേ. അവിടുത്തെ സമാധാനം ഞങ്ങൾക്ക് ദാനം ചെയ്യേണമേ. മഹത്വവാനായ രാജാവേ അവിടുത്തെ സ്വർഗ്ഗീയ മണവറയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കേണമേ. നിന്നെ ഏറ്റു പറഞ്ഞ കള്ളനെന്ന

പോലെ പറുദീസായുടെ ഭാഗ്യം ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ. അവിടുന്ന് ഞങ്ങളെ എപ്പോൾ വിളിച്ചാലും യാത്രയ്ക്ക് ഒരുക്കമുള്ളവരായി കാണപ്പെടുവാൻ സഹായിക്കേണമേ. നിത്യതയെ കുറിച്ചുള്ള പരിജ്ഞാനവും ഉറപ്പും, പുനരുദ്ധാനത്തെ കുറിച്ചുള്ള സന്തോഷവും, നിശ്ചയവും ഞങ്ങൾക്ക് ദാനം ചെയ്യേണമേ. അവിടുത്തെ രണ്ടാമത്തെ വരവിന് കാത്തിരിക്കുന്നവരായി ഞങ്ങളേ തീർക്കേണമേ. അവിടുത്തെ ക്രൂശു മരണത്തിൽ വിശ്വസിക്കുകയും, പുനരുദ്ധാനത്തിൽ സന്തോഷിക്കുകയും, രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കി പാർക്കുകയും ചെയ്യുന്ന എല്ലാവർക്കും ഈ കല്ലറ വിശ്രമസ്ഥലവും പ്രത്യാശയുടെ തുറമുഖവും കോട്ടയുമായിരിക്കേണമേ അവസാനത്തിൽ മഹത്വത്തോടെ അവിടുന്ന് എഴുന്നള്ളുകയും കബറുകളിലുള്ള മരിച്ചവർ അക്ഷയരായി ഉയിർക്കപ്പെടുകയും മണ്ണിൽ നിദ്ര പ്രാപിച്ചിരിക്കുന്നവർ മണ്ണിൽ നിന്ന് കുടഞ്ഞെടുക്കപ്പെടുകയും ചെയ്യുമ്പോൾ നിന്നിൽ നിദ്ര പ്രാപിച്ചിട്ടുള്ളവർ, നീതിമാന്മാർ ക്കായി ഒരുക്കപ്പെട്ടിരിക്കുന്ന നിത്യമോക്ഷത്തിന് അർഹരായി തീരുകയും ചെയ്യേണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും പാടുവനായിട്ടു തന്നെ. ഹോശോ വഭ്കുലസ് ബാൽല്ഒൽമ്മീൻ.

ജനം : ആമ്മീൻ

## വായന

ഉൽപ്പത്തി 23: 1 -12
1 കൊരിന്ത്യർ 15:20-28
വി. യോഹന്നാൻ 11:17-26

## ഗീതം

കൂടാരവാസികളാകും നമുക്കിങ്ങു - വീടെന്നോ നാടെന്നോ ചൊൽവാൻ എന്ത്?
കൈകളാൽ തീർക്കാത്ത വീടൊന്നു താതൻ താൻ മീതെ നമുക്കായി വച്ചിട്ടുണ്ട്
ആനന്ദമുണ്ടെനിക്കാനന്ദമ്മുണ്ടെനിക്കേശു മഹാരാജ സന്നിധിയിൽ

## പ്രതിഷ്ഠ - ധൂപം

ജീവനുള്ളതും ജീവൻ നൽകുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്ര ഇടുന്നതിനാൽ, ഈ കല്ലറ(കൾ) വിശ്വാസികളായി വാങ്ങി പോകുന്നവർക്ക് പ്രത്യാശയുടെ കുടീരവും നിത്യജീവന്റെ നങ്കൂരവുമായിരിപ്പാൻ, ✠ പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടേയും തിരുനാമത്തിൽ വാഴ്ത്തപ്പെട്ടതും ശുദ്ധീകരിക്കപ്പെട്ടതുമായി തീരട്ടെ.

ജനം : ബാറെക്മോർ

ബശ്മോദാബോ...........

## വിശ്വാസപ്രമാണം ധൂപം

പ : **പിതാവായ സർവ്വശക്തനായ –**

ജ : ആകാശത്തിന്റെയും ഭൂമിയുടെയും – കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ – സകലത്തിന്റേയും സ്രഷ്ടാവായ – സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു

**ദൈവത്തിന്റെ ഏകപുത്രനും –**

സർവ്വലോകങ്ങൾക്കും മുൻപേ പിതാവിൽ നിന്നു ജനിച്ചവനും – പ്രകാശത്തിൽ നിന്നുള്ള പ്രകാശ വും – സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും – ജനിച്ചവനും സൃഷ്ടിയല്ലാത്തവനും – തത്ത്വത്തിൽ പിതാവിനോട് ഏകത്വമുള്ളവനും – സകല സൃഷ്ടിക്കും മുഖാന്തിരമായവനും – മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി – സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി – വിശുദ്ധ റൂഹായാൽ കന്യക മറിയാമിൽ നിന്നും ജഡം ധരിച്ച് മനുഷ്യനായി – പൊന്തിയോസ് പീലത്തോസിന്റെ നാളുകളിൽ – ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട് ✠ – കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് – തിരുഹിതപ്രകാരം മൂന്നാംദിവസം ഉയർത്തെഴുന്നേറ്റ് – സ്വർഗ്ഗത്തിലേക്ക് കരേറി – തന്റെ പിതാവിന്റെ വലതു ഭാഗത്തിരിക്കുന്നവനും – അവസാനമില്ലാത്ത രാജ്യത്വമുള്ളവനും – ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിപ്പാൻ – തന്റെ മഹാ പ്രഭാവത്തോടെ – ഇനിയും വരുവാനിരിക്കുന്നവനുമായ – യേശു മ്ശിഹാ ആയ – ഏക കർത്താവിലും ഞങ്ങൾ വിശ്വസി ക്കുന്നു.

**സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും –**

പിതാവിൽ നിന്ന് പുറപ്പെട്ട് – പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് – സ്തുതിക്ക പ്പെടുന്നവനും – നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ – ജീവനും വിശുദ്ധി യുമുള്ള ഏക റൂഹായിലും – കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

**പാപമോചനത്തിനുള്ള മാമോദീസാ –**

ഒന്നു മാത്രമെന്ന് ഞങ്ങൾ ഏറ്റു പറഞ്ഞ് – മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പിനും വരുവാനിരി ക്കുന്ന ലോകത്തിലെ പുതിയ ജീവനും – ഞങ്ങൾ നോക്കി പാർക്കുകയും ചെയ്യുന്നു. ആമ്മീൻ

## ബസുമുൽക്കോ

*(ധൂപം വീശി വണങ്ങി കൊണ്ട്)*

1. നമ്മുടെ കർത്താ-വെഴുന്നെള്ളുന്നു
   മരിച്ചവർകുയിരും – പ്രത്യാശയും
   കർതൃഭവനേ – വിശുദ്ധർ പാർക്കുന്നു
   സൈന്യങ്ങളുമായി – സ്തുതിയും പാടുന്നു.

2. മരണത്തിന്നും – സാത്താനും കഷ്ടം
   മ്ശിഹാ മായിക്കും – അവരുടെ അധികാരം
   വരുന്നു നാഥൻ – ഘോഷത്തോടെ
   മരിച്ചവരുയിർത്ത് – സ്തുതി പാടുന്നു

3. പുതിയ സൂര്യൻ - ഉദിച്ചീടുന്നു
മരിച്ചവരുയിർത്ത് - അങ്ങയെ വാഴ്ത്തും
സഭയും അതിൻ - സന്താനങ്ങളും
പിതൃപുത്ര റൂ - ഹായെ വാഴ്ത്തും

## ഹുത്തോമ്മാ

*(നാലു ഭാഗത്തേക്കും തിരിഞ്ഞ് സ്ലീബാ കൊണ്ട് റൂശ്മാ ചെയ്തു പറയുന്നു)*

സത്യവിശ്വാസികൾക്ക് ബലമുള്ള കോട്ടയായി ✠ പിശാചുകൾക്ക് ഭയങ്കരമായതും, മാലാഖമാർക്ക് ബഹുമാനമുള്ളതുമായ ദൈവപുത്രന്റെ വന്ദ്യമായ സ്ലീബാ ✠ രാപ്പകൽ നിങ്ങളെ കാത്തു മറച്ചു കൊള്ളുമാറാകട്ടെ. ദുഷ്ട മനുഷ്യരുടെ കോപത്തിൽ നിന്നും, പിശാചുക്കളുടെയും അവിശ്വാസി കളുടെയും അസൂയയിൽ നിന്നും, ഉപദ്രവകരമായ അധികാരികളിൽ നിന്നും, കരുണയില്ലാത്ത യജമാനന്മാരുടെ കൈകളിൽ നിന്നും, രഹസ്യവും പരസ്യവുമായ സകല ശത്രുക്കളിൽ നിന്നും, സാത്താന്റെ കെണിയിൽ നിന്നും ആത്മാവിനേയും, ശരീരത്തേയും ക്ലേശിപ്പിക്കുന്ന ദുർവികാരങ്ങളിൽ നിന്നും, പാപത്തിന്റെ എല്ലാ ശക്തിയിൽ നിന്നും, ✠ കർത്താവു നമ്മെ വിടുവിച്ച്, വീണ്ടെടുത്ത്, ✠ നമ്മുടെ ആയുഷ്ക്കാലം മുഴുവനും നമ്മെ പരിപാലിക്കുമാറാകട്ടെ. ആമ്മീൻ.

## ആശിർവാദം

നമ്മുടെ കർത്താവ് സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തി കൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തട്ടെ ✠ പിതാവും ✠ പുത്രനും ✠ പരിശുദ്ധറൂഹായുമായ ത്രീയേക ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിങ്ങളോടു കൂടെ നിത്യകാലം ഉണ്ടായിരിക്കുമാറാകട്ടെ.

ജനം : ആമ്മീൻ